## ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.

വിഷയം:- ആ.വ.ഡ. -ജീവനക്കാര്യം -ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്കായി താൽക്കാലിക ഉദ്യോഗക്കയറ്റം -അപ്പീലുകൾ തീർപ്പാക്കികൊണ്ട് ഉത്തരവുകൾ സമർപ്പിക്കുന്നു -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഉത്തരവ് നം. ഇ.എസ്.2-151198/05/ആ.വ.ഡ., തീയതി 02/02/2007
2. ഉത്തരവ് നം. ഇ.എസ്.2-88500/14/ആ.വ.ഡ., തീയതി 28/06/2015.
3 ഉത്തരവ് നം. ഇ.എസ്.2-30870/09/ആ.വ.ഡ., തീയതി 30/11/2009.
4 ഈ ഓഫീസിലെ 05/11/2018 ലെ ഇതേ നമ്പർ ഉത്തരവ്.

### ഉത്തരവ് നമ്പർ ഇ.ഡി1-03/2018/ആ.വ.ഡ.,തീയതി: 13/02/2019.

സൂചന ഉത്തരവ് 1,2,3 പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ക്ലാർക്കുമാരുടെ 01/04/1997 മുതൽ 31/12/2002 വരെയും 01/01/2003 മുതൽ 31/12/2008 വരെയും 01/01/2009 മുതൽ 31/12/2013 വരെയുമുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട അക്കൗണ്ട് ടെസ്റ്റ് പാസായ പരിവീക്ഷണകാലം പൂർത്തിയാക്കിയ ക്ലാർക്കുമാർക്ക് സൂചന (4) പ്രകാരം സീനിയർ ക്ലാർക്കുമാരായി ഉദ്യോഗക്കയറ്റം നൽകുകയുണ്ടായി. സേവന വിവരങ്ങളും ടെസ്റ്റ് യോഗ്യത ആർജ്ജിച്ചത് സംബന്ധിച്ച വിവരങ്ങളും യഥാസമയം നൽകാത്തതുമൂലം ഉദ്യോഗക്കയറ്റം ലഭിക്കാത്ത ക്ലാർക്കുമാർക്ക് ആയത് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ മുഖേന അപ്പീൽ സമർപ്പിക്കുവാൻ അവസരം നൽകിയിരുന്നു. അപ്രകാരം ലഭിച്ച അപ്പീലുകൾ പരിശോധിക്കുകയും താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ടെസ്റ്റ് യോഗ്യത ആർജ്ജിച്ച പരിവീക്ഷണകാലം പൂർത്തിയാക്കിയ അച്ചടക്ക നടപടി നിലവിലില്ലാത്ത ക്ലാർക്ക്/ക്ലാർക്ക് ടൈപ്പിസ്റ്റ്/യു.ഡി.ടൈപ്പിസ്റ്റുമാരെ 25,200-54,000 ശമ്പള സ്കെയിലിൽ റൂൾ 31 (എ) (ഐ) പാർട്ട് (2) കെ.എസ്.ആന്റ്എസ്.എസ്.ആർ. പ്രകാരം 05/11/2018 തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ സീനിയർ ക്ലാർക്കുമാരായി താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു. സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്ന സമയത്ത് ആവശ്യമെങ്കിൽ ടി പ്രാബല്യ തീയതിയിൽ മാറ്റം വരുത്തി ഉത്തരവാകുന്നതാണ്. അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ ജോലി സ്വഭാവത്തിൽ മാറ്റം വരാത്ത സാഹചര്യത്തിൽ അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ തന്നെ തുടരാവുന്നതാണ്.

സീനിയർ ക്ലാർക്കുമാരായി താൽക്കാലിക ഉദ്യോഗക്കയറ്റം നൽകിയ അനുബന്ധം1-ൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരെ സീനിയർ ക്ലാർക്കായി ജോലിയിൽ പ്രവേശിക്കുന്നതിനു മുൻപ് സ്ഥാപന മേധാവികൾ താഴെ പറയുന്ന രേഖകൾ പരിശോധിക്കേണ്ടതാണ്.

1. സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ
2. പേര്
3. ജനന തീയതി
4. പരിവീക്ഷണ കാലം പൂർത്തിയാക്കിയ തീയതി.
5. എ.ഒ.പി. അക്കൗണ്ട് ടെസ്റ്റ് എന്നിവയുടെ സർട്ടിഫിക്കറ്റ്.

ജില്ലാ മെഡിക്കൽ ഓഫീസർമാർ/സ്ഥാപന മേധാവികൾ തെറ്റായ വിവരങ്ങൾ



GOVERNMENT OF KERALA 2017-18

നൽകിയതിലൂടെ സീനിയർ ക്ലാർക്കുമാരായി താൽക്കാലിക ഉദ്യോഗക്കയറ്റം നേടിയിട്ടുള്ള ക്ലാർക്കുമാർ അനുബന്ധം 1 -ൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ ഉദ്യോഗക്കയറ്റം ഈ ഉത്തരവ് തീയതി മുതൽ അസാധുവാകുന്നതാണ്. എല്ലാ സ്ഥാപന മേധാവികളും സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ ജോലിയിൽ പ്രവേശിച്ച തീയതി അടിയന്തിരമായി ഓഫീസിൽ അറിയിക്കേണ്ടതാണ്.

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/സ്ഥാപന മേധാവികൾക്കും ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്കും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺലോഡ് ചെയ്ത് ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

എല്ലാ സ്ഥാപന മേധാവികളും ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ ഉദ്യോഗക്കയറ്റം സംബന്ധിച്ച വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ്, ഓപ്ഷൻ മുതലായവ സാക്ഷ്യപ്പെടുത്തി പതിപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
സി. എം. അജയ മോഹൻ
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:-

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (മേലധികാരി മുഖേന)

പകർപ്പ്:-

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ /സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം).
3. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ.
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ്സൈറ്റ്.
5. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

<u>അനുബന്ധം 1</u>

| ക്രമ നം. | പേര് | റാങ്ക് നം. | സീനിയോറിറ്റി ലിസ്റ്റ് | നിലവിൽ ജോലിചെയ്യുന്ന സ്ഥാപനം |
|---|---|---|---|---|
| 1. | ശ്രീ. മധു പി. ബാബു | 124 | 1994-97 | ജനറൽ ആശുപത്രി, കോട്ടയം |
| 2. | ശ്രീ. ശ്രീകുമാർ പി. | 12 | 2003-08 | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കാഞ്ഞങ്ങാട് |
| 3. | ശ്രീ അമ്പിളി രാജൻ | 337 എ | 2003-08 | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), തിരുവനന്തപുരം |
| 4. | ശ്രീ. ജയപ്രകാശ് | 537 | 2003-08 | ജില്ലാ ആശുപത്രി, കൊല്ലം |
| 5. | ശ്രീമതി രാജലക്ഷ്മി പി. | 234 എ | 2009-13 | പ്രാഥമികാരോഗ്യ കേന്ദ്രം, ബയാർ, കാസർഗോഡ് |
| 6. | ശ്രീ. മാത്യൂസ് എഫ്. ചൊവ്വൂക്കാരൻ | 259 | 2009-13 | ഫാമിലി ഹെൽത്ത് സെന്റർ, പുത്തൂർ |
| 7. | ശ്രീമതി ഫൗസിയ വി. എ. | 265 | 2009-13 | പി.എച്ച്.സി., പൂക്കോട്ടുകാവ്, പാലക്കാട് |
| 8. | ശ്രീമതി ശ്രീജ എൻ. ആർ. | 285 ബി | 2009-13 | ഗവ. നേഴ്സിംഗ് സ്കൂൾ, തൃശ്ശൂർ |
| 9. | ശ്രീമതി മഞ്ജു എസ്. | 295 എ | 2009-13 | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), എറണാകുളം |
| 10. | ശ്രീ. ശ്രീകണ്ഠൻ നായർ എം. | 297 | 2009-13 | കുടുംബാരോഗ്യ കേന്ദ്രം, കടകംപള്ളി, തിരുവനന്തപുരം |
| 11. | ശ്രീമതി ലീബ മേരി ജോസ് | 309 | 2009-13 | പ്രാഥമികാരോഗ്യ കേന്ദ്രം, മീനച്ചിൽ, കോട്ടയം |
| 12. | ശ്രീ. രഞ്ജിത് ഗോപിനാഥ് | 338 | 2009-13 | ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി |
| 13. | ശ്രീ. അനീഷ്കുമാർ കെ. ആർ. | | യു.ഡി ടൈപ്പിസ്റ്റ് | കെ.ആർ.നാരായണൻ മെമ്മോറിയൽ സ്പെഷ്യാലിറ്റി ആശുപത്രി, ഉഴവൂർ, കോട്ടയം |
| 14. | ശ്രീമതി കൃഷ്ണ കെ. | | യു.ഡി ടൈപ്പിസ്റ്റ് | താലൂക്ക് ആസ്ഥാന ആശുപത്രി, ചാലക്കുടി |

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്കുവേണ്ടി